(എ) താലൂക്ക് അടിസ്ഥാനങ്ങളിലല്ലാതെ മറ്റെവിടെയെങ്കിലും മോട്ടോർ ട്രാൻസ്പോർട്ട് വകുപ്പിന്റെ ഓഫീസുകൾ നിലവിലുണ്ടോ;

(ബി) വാഹനങ്ങളുടെ എണ്ണവും വാഹന സംബന്ധമായ ജനങ്ങളുടെ ആവശ്യവും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ മോട്ടോർ ട്രാൻസ്പോർട്ട് വകുപ്പിന്റെ പുതിയ ഓഫീസുകൾ ആരംഭിക്കുവാൻ ഉദ്ദേശമുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) പുതിയ ഓഫീസുകൾ തുടങ്ങുന്നതിനുള്ള മാനദണ്ഡം വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മോട്ടോർ വാഹന വകുപ്പിൽ പുതിയ ഓഫീസുകൾ ആരംഭിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

(സി) വാഹനങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനവ്, പൊതുജനങ്ങളുടെ വാഹന സംബന്ധമായ ആവശ്യങ്ങൾ തുടങ്ങിയവ കണക്കിലെടുത്താണ് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത്.

കെ. എസ്. ആർ. ടി. സി. യിൽ പി. എസ്. സി. നിയമനം ലഭിച്ചവർക്ക് വിജ്ഞാപനത്തിലെ വ്യവസ്ഥപ്രകാരം ശമ്പളം നൽകാൻ നടപടി

66 [1391] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. ലിസ്റ്റിൽനിന്നും കെ. എസ്. ആർ. ടി. സി. യിൽ പുതിയതായി നിയമനം നൽകിയ കണ്ടക്ടർമാർക്ക് നൽകി വരുന്ന ശമ്പളം എത്രയാണെന്ന് പറയാമോ;

(ബി) പി. എസ്. സി. ലിസ്റ്റിൽനിന്നും പുതുതായി നിയമനം നൽകിയ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് നൽകുന്ന ശമ്പളത്തിന്റെ വിശദാംശങ്ങൾ പറയാമോ;

(സി) പി. എസ്. സി. വിജ്ഞാപനത്തിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് തെരഞ്ഞെടുക്കപ്പെട്ട ഈ ജീവനക്കാർക്ക് വിജ്ഞാപനത്തിൽ പറയുന്ന ശമ്പളം നൽകാതിരിക്കുന്നത് എന്തുകൊണ്ടാണ് എന്ന് പറയാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പി. എസ്. സി. വഴി നിയമിക്കപ്പെട്ട മുഴുവൻ ജീവനക്കാർക്കും വിജ്ഞാപനത്തിൽ വ്യവസ്ഥ ചെയ്യുന്ന ശമ്പളം പൂർണ്ണമായും മുൻകാല പ്രാബല്യത്തോടെ നൽകുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 5-10-2004-ന് മുൻപ് നിയമിച്ചവർക്ക് റിസർവ്വ് കണ്ടക്ടർമാരുടെ ശമ്പളം നൽകി വരുന്നുണ്ട്. 240 ഡ്യൂട്ടി തികയുന്ന മുറയ്ക്ക് അവർക്ക് 3050-75-3875-110-6075 സ്കെയിൽ ഓഫ് പേയിൽ ശമ്പളം നൽകുന്നു. എന്നാൽ അതിനുശേഷം നിയമിച്ചവരെ ഒരു ഡ്യൂട്ടിക്ക് 110 രൂപ ക്രമത്തിൽ ദിവസ വേതനം നൽകി വരുന്നു.

(ബി) 31-3-2004-ന് മുൻപ് നിയമിച്ചവർക്ക് പേസ്കെയിലിൽ ശമ്പളവും അതിനുശേഷമുള്ളവർക്ക് 110 രൂപ ഒരു ഡ്യൂട്ടിക്ക് എന്ന കണക്കിലും ദിവസ വേതനം നൽകിവരുന്നു.

(സി) കെ. എസ്. ആർ. ടി. സി. യിൽ നിലനിൽക്കുന്ന സാമ്പത്തിക പ്രതിസന്ധി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയെ കെ. എസ്. ആർ. ടി. സി. ബോദ്ധ്യപ്പെടുത്തിയതിനെത്തുടർന്ന് 14-12-2001-ലെ ഒ. പി. 37878/01 എന്ന കേസിലെ സി. എം. പി. ഓർഡർ നം. 62078/01 കോടതി ഉത്തരവ് പ്രകാരമാണ് താൽക്കാലിക നിയമനം നടത്തിയിരിക്കുന്നത്. ഇക്കാരണത്താൽ വിജ്ഞാപനത്തിൽ പറഞ്ഞിരുന്ന ശമ്പള സ്കെയിൽ നൽകുവാൻ കഴിയുന്നില്ല.

(ഡി) 5-10-2004-നുമുൻപ് നിയമിച്ചവരും 6 മാസത്തെ ഡ്യൂട്ടി പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ള എല്ലാവർക്കും ശമ്പള സ്കെയിൽ നൽകിവരുന്നു. ബാക്കിയുള്ളവർക്ക് വിജ്ഞാപനം അനുസരിച്ചുള്ള ശമ്പളം നൽകുന്ന കാര്യം പരിഗണനയിലാണ്.

കെ. എസ്. ആർ. ടി. സി. കണ്ടക്ടർമാരായി നിയമനം

67 [1392] *ശ്രീ. പി. എസ്. സുപാൽ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. ലിസ്റ്റ് പ്രകാരം കെ. എസ്. ആർ. ടി. സി. യിൽ കണ്ടക്ടർമാരായി നിയമനം ലഭിച്ചവരിൽനിന്നും 3000 രൂപ സെക്യൂരിറ്റി നിക്ഷേപമായി വാങ്ങാറുണ്ടോ;

(ബി) എത്രപേരുടെ പക്കൽനിന്നും ഈ ഇനത്തിൽ തുക വാങ്ങിയിട്ടുണ്ട്;

(സി) ഇതുവരെ വാങ്ങിയ ആകെ തുക എത്ര എന്ന് വ്യക്തമാക്കാമോ;

(ഡി) കണ്ടക്ടർ ജോലിയിൽനിന്നും രാജിവെച്ചു പോകുന്നവർക്ക് ഈ തുക തിരികെ നൽകുന്നുണ്ടോയെന്ന് അറിയിക്കുമോ;

(ഇ) എങ്കിൽ എത്ര പേർക്ക് നൽകിയിട്ടുണ്ട്; നൽകിയ ആകെ തുക എത്രയെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly